തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി തുകയുടെ വിനിയോഗം

3 [765] ശ്രീ. പി. ടി. തോമസ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്ത് വർഷമായി സംസ്ഥാന ഗവൺമെൻറ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ ഒട്ടാകെ എന്തു തുക നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) അതിൽ 2001 മേയ് മാസം മുതൽ 2005 മേയ് മാസം വരെ എത്ര തുക നൽകിയെന്ന് പറയുമോ;

(സി) ഈ തുക തദ്ദേശഭരണ സ്ഥാപനങ്ങളെ ശരിയായി വിനിയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) തുക ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിന് അനുസൃതമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് പരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ ആകെ 8,342.73 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) 2001-02 മുതൽ 2005 മേയ് മാസം വരെ 4,839.98 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. പ്രാദേശിക തലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ ആസൂത്രണ സമിതിയും കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റും പെർഫോർമൻസ് ആഡിറ്റും നടത്തുന്നുണ്ട്.

(ഡി) വ്യക്തമായ ഭൗതിക ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിയാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത്. ജില്ലാ ആസൂത്രണ സമിതികൾ അത് വിലയിരുത്തുന്നുമുണ്ട്. ഒൻപതാം പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ പ്ലാനിംഗ് കമ്മീഷൻ നടത്തിവരുന്നുണ്ട്.

2005-06 വാർഷിക പദ്ധതിയുടെ അടങ്കൽ തുക

4 [766] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ വിവിധ മേഖലകളിൽ ചെലവഴിക്കേണ്ട തുകയുടെ കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly